എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളും ഹൈസ്കൂളുകളും

953. [1396] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഈ വർഷം എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളും ഹൈസ്കൂളുകളും തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഇതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) സ്ഥലവും കെട്ടിടവും നാട്ടുകാർ നൽകുമെന്ന് ഉറപ്പ് കിട്ടിയിട്ടുള്ള സ്കൂളുകൾ എത്ര ;

(ഡി) ഇവ ഈ വർഷം ആരംഭിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) പുതുതായി സ്കൂളുകൾ തുടങ്ങുന്നതിന് 98 അപേക്ഷകളും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് 137 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(സി) പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ബഹു ഭൂരിപക്ഷത്തിലും കെട്ടിടവും സ്ഥലവും സൗജന്യമായി തരാമെന്ന് അപേക്ഷകർ സമ്മതിച്ചിട്ടുണ്ട്.

(ഡി) തീരുമാനം എടുത്തിട്ടില്ല.

വടകര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകൾ

954. [1398] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട് ഏതെല്ലാം ഗവൺമെന്റ് എൽ. പി., യു. പി. സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ പരിഗണനയിലുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ചുഴലി, കുമ്പളച്ചോല എന്നീ എൽ. പി. സ്കൂളുകളും വെള്ളിയോട്, മുള്ളംബത്ത് മുതലായ മലയോരപ്രദേശങ്ങളിലെ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ മുൻഗണന നൽകുമോ ?

ഉത്തരം

(എ) അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ മെയിന്റനൻസ്

955. [1399] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ വാർഷിക മെയിന്റനൻസ് നടന്ന എത്ര പ്രൈമറി സ്കൂൾ കെട്ടിടങ്ങൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ ഉപജില്ലാടിസ്ഥാനത്തിൽ അത്തരം കെട്ടിടങ്ങളുടെ ലിസ്റ്റ് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 412.

(ബി)

തിരുവനന്തപുരം നോർത്ത്	—	33
,, സൗത്ത്	—	38
കണ്ണിയാപുരം	—	50
കാട്ടാക്കട	—	31
നെയ്യാറിൻകര	—	22
ബാലരാമപുരം	—	28
പാറശ്ശാല	—	22
ആറ്റിങ്ങൽ	—	43
കിളിമാനൂർ	—	31
നെടുമങ്ങാട്	—	45
പാലോട്	—	36
വർക്കല	—	33

ഗവൺമെന്റ് സ്ക്കൂൾ കെട്ടിടങ്ങളുടെ മെയിൻറനൻസ്

956. [1400] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സ്ക്കൂൾ കെട്ടിടങ്ങളുടെ മെയിൻറനൻസ് നടത്തുന്നതിന് ഇപ്പോൾ എന്തു സംവിധാനമാണ് നിലവിലുള്ളത് ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ വാർഷിക മെയിൻറനൻസ് നടത്താത്ത സ്ക്കൂൾ കെട്ടിടങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം മെയിൻറനൻസ് നടത്തുന്നു. അദ്ധ്യാപക-രക്ഷാകർതൃ സമിതിക്ക് പണി ഏറ്റെടുത്ത് ചെയ്യാവുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കാട്ടാക്കട, നെടുമങ്ങാട് ജില്ലകളിലെ സ്ക്കൂളുകളുടെ മെയിൻറനൻസ്

957. [1401] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86, 1986-87 എന്നീ വർഷങ്ങളിൽ വാർഷിക മെയിൻറനൻസ് നടത്താത്ത കാട്ടാക്കട, നെടുമങ്ങാട് വിദ്യാഭ്യാസ ഉപജില്ലകളിലെ ഗവൺമെന്റ് പ്രൈമറി, യു. പി., ഹൈസ്ക്കൂൾ കെട്ടിടങ്ങളുടെ ഇനംതിരിച്ചുള്ള ലിസ്റ്റ് പ്രത്യേകം വെളിപ്പെടുത്തുമോ ;

(ബി) അവയുടെ മെയിൻറനൻസ് നടത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly